# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1603 | 10.02.2020-ൽ മറുപടിയ്ക്ക് |
|---|---|

**ഹരിത കേരള മിഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | ഹരിത കേരള മിഷന്റെ ഭാഗമായി മാവേലിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | മാവേലിക്കര നിയോജക മണ്ഡലത്തിൽ മാവേലിക്കര മുനിസിപ്പാലിറ്റിയും, തഴക്കര, മാവേലിക്കര തെക്കേക്കര, ചുനക്കര, വള്ളികുന്നം, പാലമേൽ, നൂറനാട്, മാവേലിക്കര താമരക്കുളം എന്നീ ഗ്രാമ പഞ്ചായത്തുകളുമാണുള്ളത്. മാവേലിക്കര നിയോജകമണ്ഡലത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഹരിത കർമ്മ സേന രൂപീകരിക്കുകയും മറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മാവേലിക്കര നഗരസഭയിൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മാവേലിക്കര നഗരസഭയിൽ ഹരിതകേരളം മിഷന്റെ ഭാഗമായി സർവ്വേ, സ്വാപ് ഷോപ്പ്, ജലവിഭവ പരിപാലനവും സംരക്ഷണവും, മാലിന്യ കൂമ്പാരങ്ങൾ നീക്കി സൗന്ദര്യവത്കരണം, കുളങ്ങളുടെയും, ജലസ്രോതസ്സുകളുടെയും ശുചീകരണം, ഹരിത ചട്ടപാലനം നടപ്പിലാക്കൽ, സൗഹൃദ ഉല്പന്നങ്ങളുടെ വിനിയോഗം സാർവ്വത്രികമാക്കൽ, ജൈവ അജൈവ മാലിന്യങ്ങളുടെ തരംതിരിക്കലും, സംസ്കരണവും, ഉറവിട മാലിന്യ സംസ്കരണോപാധി കളുടെ പരിചയപ്പെടുത്തലും, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ സ്ഥാപനവും, എം.ആർ.എഫ്-ഷ്രെഡ്ഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനം, 'പുഴ ഒഴുകട്ടെ' എന്ന പദ്ധതിയും നടപ്പിലാക്കി. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് വകയിരുത്തിയ തുക എത്രയെന്ന് വിവരിക്കാമോ; | (ബി) | 13324380/-രൂപ വകയിരുത്തിയിട്ടുണ്ട് |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (സി) | സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി മാവേലിക്കര നിയോജകമണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ വകയിരുത്തിയ 13324380/- രൂപയിൽ 4,519,206/- രൂപ ഇതുവരെ വിനിയോഗിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതികളിൽ മാവേലിക്കര നിയോജക മണ്ഡലത്തിലെ ഏതെല്ലാം ജലസ്രോതസ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | (ഡി) | മാവേലിക്കര നഗരസഭ പരിധിയിൽ വെള്ളൂർകുളം, തെരുവിൽകുളം, റ്റി.എ കനാലിലെ ശുചീകരണം എന്നിവ നടന്നു വരുന്നു. കോട്ടാതോട് വൃത്തിയാക്കൽ ആരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ